## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2616 18.08.2017 - ൽ മറുപടിക്ക്

### റോഡുകളിലെ വളവുകൾ നിവർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ നല്ല നിലവാരമുള്ള പല പ്രധാനറോഡുകളിലും വലിയ വളവുകൾ ഉള്ളതിനാൽ അവിടെ അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കേരളത്തിലെ നല്ല നിലവാരമുള്ള പല പ്രധാന റോഡുകളിലും വലിയ വളവുകൾ ഉള്ളതിനാൽ അവിടെ അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയവ ഡ്രൈവർമാരെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി അപകട സൂചനാ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. റോഡുകളുടെ വീതി കൂട്ടുന്ന പദ്ധതികളിൽ ഇപ്രകാരമുള്ള അപകടകരമായ വളവുകൾ സ്ട്രെയിറ്റൻ ചെയ്യുന്നതിനു വേണ്ടി പദ്ധതികൾ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിൽ (ഡി. പി. ആർ) ഉൾപ്പെടുത്താറുണ്ട്. |
| (ബി) റോഡിന്റെ വളവുകൾ നിവർത്തുന്നതിന് സൗജന്യമായി സ്ഥലം നൽകുന്നവർക്ക് വളവുകൾ നിവർന്ന് കഴിയുമ്പോൾ അധികമായി ലഭിക്കുന്ന സ്ഥലം കൊടുക്കുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ ; | (ബി) ഇത് നയപരമായി തീരുമാനിക്കേണ്ട വിഷയമാണ്. എങ്കിലും ആലോചിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇങ്ങനെ ഒരു അനുകൂല ഉത്തരവിറക്കിയാൽ കേരളത്തിലെ പ്രധാന റോഡുകളിലെ കൊട്ടും വളവുകൾ നിവർത്തിയെടുത്ത് അപകടങ്ങളും മറ്റും ഇല്ലാതാക്കാമെന്ന കാര്യം പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | പരിഗണിക്കും |

സെക്ഷൻ ഓഫീസർ